**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** **03-08-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ശല്യം മൂലമുള്ള കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗ ആക്രമണം മൂലം ഉണ്ടാകുന്ന കൃഷി നാശം ഗണ്യമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഒരു പദ്ധതിക്കും രൂപം നൽകിയിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുവാൻ വനം വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി കാട്ടാനകൾക്ക് പുറമേ മറ്റ് വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകി വരുന്നു. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ